# അതിരപ്പിള്ളി :
# നാടിനു ശാപമാകാൻ പോകുന്ന ഒരു ടൂറിസ്റ്റുകേന്ദ്രം

വിനോദ് ജബ്ബാർ

പ്രകൃതി സൗന്ദര്യത്താൽ സമ്പന്നമാണ് അതിരപ്പിള്ളി. എഴുപതുകളുടെ അവസാനത്തോടെയാണ് അതിരപ്പിള്ളി - വാഴച്ചാൽ മേഖലയിൽ വിനോദസഞ്ചാരികളുടെ വരവ് തുടങ്ങിയത്. കുതിച്ചൊഴുകുന്ന വെള്ളച്ചാട്ടവും നിറഞ്ഞുനിൽക്കുന്ന കാടും ഇളകിയാടുന്ന മുളംകൂട്ടങ്ങളും പാറക്കൂട്ടങ്ങളും പ്രകൃതിഭംഗി അന്വേഷിച്ചെത്തുന്നവർക്ക് ഹരമായി. ആളുകൾ എത്തിത്തുടങ്ങിയതോടെ മലയാളിയുടെ കച്ചവടമനസ്സ് ഇവിടെയും ഉണർന്നുപ്രവർത്തിച്ചു. വഴിയോരങ്ങളിൽ പ്രത്യക്ഷപ്പെട്ട കച്ചവടസ്ഥാപനങ്ങളായിരുന്നു ആദ്യം. മിക്കവാറും എല്ലാം തന്നെ പൊതുസ്ഥലം കയ്യേറി പണിയുകയായിരുന്നു. കച്ചവടങ്ങൾ വികസിച്ചതോടെ അനധികൃതമായി മദ്യവിൽപനയും മയക്കുമരുന്നും വ്യഭിചാരവും അതിരപ്പിള്ളിയിൽ തുടങ്ങി. ഇത്തരം സംഗതികളെല്ലാം ചേർന്നതാണ് ടൂറിസം എന്നതായിരിക്കുന്നു ഇപ്പോൾ നമുക്ക് ആയത് കൊണ്ട് അംഗീകൃതമായ ഇത്തരം കച്ചവടങ്ങളും അതിരപ്പിള്ളിയിൽ തുടങ്ങിക്കഴിഞ്ഞു. അതിരപ്പിള്ളിയിൽ പ്രവർത്തനം ആരംഭിച്ച് തുടങ്ങിയ സ്വകാര്യ ടൂറിസ്റ്റ് റിസോർട്ടുകൾ മറ്റും സൂചിപ്പിക്കുന്നത് ഇതാണ്. 1995 ജനുവരി 5ന് കേരള കൃഷിവകുപ്പുമന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ പ്ലാന്റേഷൻ കോർപ്പറേഷന് വേണ്ടി പണിയുന്ന 'പ്ലാന്റേഷൻ വാലി'യെന്ന ടൂറിസ്റ്റ് റിസോർട്ടിന് തറക്കല്ലിട്ടതോടുകൂടി അതിരപ്പിള്ളി ടൂറിസത്തിന് തീറെഴുതി കൊടുക്കുന്നതായി ഔദ്യോഗികമായി പ്രഖ്യാപനവുമുണ്ടായി.

അതിരപ്പിള്ളി പ്രദേശത്തെ ടൂറിസത്തിന് ശാസ്ത്രീയമായ ആസൂത്രണ സ്വഭാവമില്ലാത്തതുമൂലം വിവിധതരത്തിലുള്ള പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നുണ്ടെന്ന് തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിനുവേണ്ടി പഠനം നടത്തുന്ന ഡോ. സണ്ണി ജോർജ്ജിന്റെ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇക്കോ ടൂറിസത്തിന്റെ സാദ്ധ്യത ഏറെ പ്രയോജനപ്പെടുത്തേണ്ട ഒരു മേഖലയാണ് അതിരപ്പിള്ളി. എന്നാൽ ഇക്കോ ടൂറിസം പോലും നടപ്പിലാക്കുമ്പോൾ അതിരപ്പിള്ളി പോലെ ലോലമായ പാരിസ്ഥിതികവിശേഷമുള്ള പ്രദേശങ്ങളിൽ തികച്ചും ശാസ്ത്രീയമായ ആസൂത്രണത്തോടുകൂടി മാത്രമേ വികസനം നടത്താവൂ. ടൂറിസം എന്ന ആശയത്തെപ്പോലും വികൃതമാക്കുന്ന തരത്തിലുള്ള പരിപാടികളാണ് ഇപ്പോൾ അതിരപ്പിള്ളി മേഖലയിൽ സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കിവരുന്നത്.

14-4-1961 ലെ സർക്കാർ ഉത്തരവ് 356/61 പ്രകാരമാണ് പരിയാരം റേഞ്ചിലെ 207 ഹെക്ടർ വനഭൂമി പ്ലാന്റേഷൻ കോർപ്പറേഷൻ പാട്ടത്തിന് എടുക്കുന്നത്. ആദ്യപാട്ട കരാർ പ്രകാരം ചെയ്തുപോന്ന റബ്ബർ ബിസിനസ്സ് ലാഭകരമല്ല എന്ന കാരണത്താൽ ആയത് വെട്ടിനിരത്തി 1991-92 വർഷം മുതൽ എണ്ണപ്പന കൃഷി തുടങ്ങിയെങ്കിലും ആയതും അവസാനിപ്പിച്ചാണ് ഇപ്പോൾ 125 ഏക്കർ വനഭൂമിയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ 'ഫാം ടൂറിസം' എന്ന പേരിൽ ടൂറിസ്റ്റ് കോട്ടേജുകൾ, സ്വിമ്മിങ്പൂൾ, കഫെറ്റേറിയ, ബോട്ട്ക്ലബ്ബ്, കമേഴ്സ്യൽ നഴ്സറി, റോപ്പ്‌വേ, ആയുർവ്വേദ റിസോർട്ട് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. സ്വകാര്യമേഖലയിൽ അഞ്ചോളം ടൂറിസ്റ്റ് റിസോർട്ടുകൾ അത്രയേറെ ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് സർക്കാർ ഉടമസ്ഥതയിൽ ഉള്ള, ത്രക്ഷമായ സാമ്പത്തികപ്രതിസന്ധി നേരിടുന്ന പ്ലാന്റേഷൻ കോർപ്പറേഷൻ ഈ മേഖലയിൽ കോടിക്കണക്കിന് രൂപ ചെലവാക്കാൻ തീരുമാനിച്ചിട്ടുള്ളത്.



അതിരപ്പിള്ളിക്കു സമീപം ഇപ്പോൾ അനുവദിച്ചിട്ടുള്ള വാട്ടർ തീം പാർക്കുകളും വഴിതെറ്റിയ ഒരു ടൂറിസ്റ്റ് സംസ്കാരത്തിന് ആക്കംകൂട്ടുന്നുണ്ട്. പുഴയിൽ നിന്ന് ലക്ഷക്കണക്കിന് ലിറ്റർ കുടിവെള്ളം മോട്ടോർപമ്പ് വഴിയും വലിയ കിണറുകൾ കുത്തിയും സംഭരിച്ചാണ് ഇത്തരം വാട്ടർ തീം പാർക്കുകൾ ഇവിടെ പ്രവർത്തിക്കുന്നത്. ദിവസങ്ങളോളം ഇത്തരം പാർക്കുകളിൽ ഉപയോഗിക്കുന്ന വെള്ളം മാലിന്യവിമുക്തമാക്കാതെ തന്നെ പുഴയിലേയ്ക്ക് ഒഴുക്കിവിടുന്നതായും പരാതിയുണ്ട്. പ്രകൃതിരമണീയമായ ഒരു ഗ്രാമത്തെ വീർപ്പുമുട്ടിക്കുന്ന തരത്തിലാണ് ടൂറിസം എന്ന പേരിലുള്ള 'വികസനപ്രക്രിയകൾ' ഇവിടെ അരങ്ങുതകർക്കുന്നത്.

അതിരപ്പിള്ളി പ്രദേശത്തെ കാടുകളുടെ പാരിസ്ഥിതിക സ്ഥിതി ഇപ്പോൾത്തന്നെ മോശമാണ്. വെള്ളച്ചാട്ടം കാണാനെത്തുന്ന ടൂറിസ്റ്റുകൾ സമീപപ്രദേശത്തുള്ള റിസർവ്വ് വനത്തിനുള്ളിൽ അനധികൃതമായി പ്രവേശിക്കുന്നുണ്ട്. ഇത് കൂടുതൽ കാടുകളുടെ നാശത്തിനിടയാക്കുന്നുണ്ട്. റിസർവ്വ് വനങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നതും സാധാരണയായിരിക്കുന്നു. നൂറുകണക്കിന് ടൂറിസ്റ്റുകൾ വനത്തിലൂടെ നടക്കുന്നത് വ്യാപകമായ മണ്ണൊലിപ്പിന് കാരണമായി മാറുന്നു. തോട്ട ഉപയോഗിച്ചുള്ള മീൻപിടിത്തവും ഇവിടെ സാധാരണയായി മാറിയിരിക്കുന്നു. ഒരു വർഷം അഞ്ചുലക്ഷത്തോളം ടൂറിസ്റ്റുകൾ അതിരപ്പിള്ളിയിലെത്തുന്നുണ്ടെന്നാണ് കണക്ക്. ടൂറിസ്റ്റുകൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ചാലക്കുടി പുഴയിൽ കുമിഞ്ഞുകൂടുന്നു. അലുമിനിയം ഫോയലുകൾ, പേപ്പർഗ്ലാസ്സ്, സിറാമിക്സ് എന്നിവയും വൻതോതിൽ പുഴയിൽ നിക്ഷേപിക്കപ്പെടുന്നുണ്ട്. ഇതുമൂലം പുഴയിലെ ജീവജാലങ്ങൾക്ക് മാത്രമല്ല മറ്റു വന്യമൃഗങ്ങൾക്കും ഇതുമൂലം അപകടമുണ്ടാകുമെന്ന് ഡോ. സണ്ണിയുടെ പഠനം ചൂണ്ടിക്കാട്ടുന്നുണ്ട്. പത്തുവർഷമായി അതിരപ്പിള്ളിയിൽ കുറ്റകൃത്യങ്ങൾ പെരുകുന്നതായും പോലീസ് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. കള്ളവാറ്റും, മയക്കുമരുന്നുകച്ചവടവും, വ്യഭിചാരവും എല്ലാംതന്നെ ഇതിന് കാരണമാകുന്നുണ്ട്.

ടൂറിസം മുഖ്യവരുമാനമാക്കിയ തായ്‌ലൻറ് പോലെയുള്ള രാജ്യങ്ങളുടെ സാന്മാർഗ്ഗികാധഃപതനം നൽകുന്ന പാഠം നമ്മുടെ മുന്നിലുണ്ട്. പ്രകൃതിസുന്ദരങ്ങളായ കൊച്ചുഗ്രാമങ്ങളേയും നിഷ്കളങ്കരായ ജനതയേയും സാംസ്കാരികവും ജൈവപരവുമായ മാലിന്യം പേറേണ്ടവരാക്കി മാറ്റുന്ന ഈ ലോകക്രമത്തെ ചോദ്യം ചെയ്യാനും തകർത്തെറിയാനും ആരാണ് തയ്യാറാവുക.